## പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.144 04.12.2015-ൽ മറുപടിക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണം

**ചോദ്യം**

ശ്രീ. കെ.രാധാകൃഷ്ണൻ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എ.എം.ആരിഫ്
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണ വേളയിൽ ഉല്പാദന മേഖലയ്ക്ക് ഒരു നിശ്ചിത ശതമാനം തുക നീക്കിവെയ്ക്കണമെന്ന നിബന്ധന ഒഴിവാക്കിയ സർക്കാരിന്റെ നടപടി ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) വിലയിരുത്തിയിട്ടുണ്ട്. ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകി കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സ.ഉ (എം.എസ്)നം.362/2013/തസ്വഭവ തീയതി 16.11.2013 പുറപ്പെടുവിച്ചിട്ടുള്ളത്. ഉല്പാദന മേഖലയ്ക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുന്നതിന് സർക്കാർ കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉല്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്. എത്ര തുക ഈ മേഖലയ്ക്കു ചിലവിടണമെന്ന കാര്യം തദ്ദേശ സർക്കാരുകൾ തീരുമാനിക്കുന്നതാണ് ഉചിതം

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നയം മൂലം ഉല്പാദന മേഖലയ്ക്ക് നീക്കി വയ്ക്കപ്പെട്ട തുക വളരെയേറെ കുറഞ്ഞിട്ടുണ്ട്. എന്ന കാര്യം സർക്കാരിനറിയാമോ; | (ബി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദന മേഖലയിൽ 85% വരെ വികസനഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കാവുന്ന സാഹചര്യമുണ്ടെങ്കിലും ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ വകയിരുത്തുന്ന തുക പശ്ചാത്തല മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. |
| (സി) | കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ ഫണ്ട് നീക്കിവെക്കലും വിനിയോഗവും ഉണ്ടാകാത്തതുമൂലം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ മുരടിപ്പ് സൃഷ്ടിച്ചിരിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇല്ല. ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ ആവശ്യാനുസരണം ഫണ്ട് വിനിയോഗം നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ